# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 3179 28.01.2014 ൽ മറുപടിക്ക്**

## ടോൾ ബൂത്തുകളിലെ ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**<br>" **സി. മമ്മൂട്ടി**<br>" **സി. മോയിൻകുട്ടി**<br>" **എൻ. ഷംസുദ്ദീൻ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ ടോൾ ബൂത്തുക ളിലെ ക്രമക്കേടുകൾ നിയന്ത്രിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദ മാക്കുമോ ; | (എ) ടോൾ ബൂത്തുകളിൽ ടോൾ പിരിക്കുന്ന തിനായി മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്നവർക്ക് ടെണ്ടർ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. ഈ സംവിധാനത്തിൽ ക്രമക്കേടുകൾക്ക് സാധ്യതയില്ല. എങ്കിലും, എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ സത്വര നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളുടെ ടോൾ പിരിവ്, ടെണ്ടർ നടപടികൾ തുടങ്ങിയവ സുതാര്യമാക്കുന്ന തിനായി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>(നം.4981/എച്ച്2/13/പൊ.മ.വ തീയതി 11/03/2013) |
| (ബി) ടോൾ ബൂത്തുകളിലെ കളക്ഷൻ കണക്കുകൾ പരിശോധിക്കാനും ലേലത്തുക തദനുസരണമായി നിശ്ചയിക്കാനും എന്തെങ്കിലും സംവിധാനമുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ ; | (ബി) ടോൾ ബൂത്തുകളിൽ ടോൾ പിരിവിനായി ടെണ്ടർ വിളിക്കുന്നതിനു മുൻപായി ട്രാഫിക് സെൻസസ് നടത്താറുണ്ട്. ഇതിന്റെയും. മുൻവർഷങ്ങളിലെ ടെണ്ടർ തുക തുടങ്ങി യവയുടെയും അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തുക (Estimate PAC) കണക്കാക്കിയാണ് ടെണ്ടർ ക്ഷണിക്കാറുള്ളത്. |
| (സി) ടോൾ ബൂത്തുകളെല്ലാം കമ്പ്യൂട്ടറൈസ് ചെയ്യുകയും ആധുനിക സ്വയം നിയന്ത്രിത സംവിധാനങ്ങൾ ഏർപ്പെടു ത്തുകയും ചെയ്യണമെന്ന് നിഷ്കർഷിച്ച് ഇവയുടെ നിയന്ത്രണം കാര്യക്ഷമ മാക്കുമോ ? | (സി) ടോൾ പിരിവ് കാര്യക്ഷമമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>(നം.4981/എച്ച്2/13/പൊ.മ.വ തീയതി 11/03/2013) |

സെക്ഷൻ ഓഫീസർ